LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ സൗകര്യക്കുറവു മൂലം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(സി) നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഓഫീസ് സൗകര്യമുള്ള വാടക കെട്ടിടത്തിലേക്ക് മാറ്റുവാൻവേണ്ട നടപടി സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

165 (2351) അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ജീവനക്കാർ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജീവനക്കാരുടെ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്.

(ബി) ഇതിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കുമോ;

(ഡി) പ്രസ്തുത സെന്ററിൽ ഏതെങ്കിലും കെട്ടിടം ഉദ്ഘാടനം ചെയ്യാതെ പണി പൂർത്തിയായി കിടക്കുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കെട്ടിടം ഉടനെ ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന തസ്തികകൾ നിലവിലുണ്ട്.

1.	മെഡിക്കൽ ഓഫീസർ	-	4
2.	ഹെൽത്ത് സൂപ്പർവൈസർ	-	1
3.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	-	1
4.	ഹെഡ് ക്ലർക്ക്	-	1
5.	യു.ഡി. ക്ലർക്ക്	-	1
6.	എൽ.ഡി. ക്ലർക്ക്	-	1
7.	ക്ലർക്ക് ടൈപ്പിസ്റ്റ്	-	1

8.	സ്റ്റാഫ് നഴ്സ്	-	4
9.	ഫാർമസിസ്റ്റ്	-	1
10.	ലാബ് ടെക്നീഷ്യൻ	-	1
11.	ഓഫ്താൽമിക് അസിസ്റ്റന്റ്	-	1
12.	ഹെൽത്ത് ഇൻസ്പെക്ടർ	-	1
13.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	-	1
14.	ജൂനിയർ എച്ച്.ഐ. ഗ്രേഡ് 2	-	1
15.	ജൂനിയർ പി.എച്ച്.നഴ്സ്	-	8
16.	ലെപ്രസി ഇൻസ്പെക്ടർ	-	1
17.	ഡ്രൈവർ	-	1
18.	നഴ്സിംഗ് അസിസ്റ്റന്റ്	-	3
19.	ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2	-	3
20.	പ്യൂൺ	-	1
21.	പാർട്ട് ടൈം സ്വീപ്പർ	-	1

(ബി) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

1.	ക്ലർക്ക് ടൈപ്പിസ്റ്റ് -	-	1
2.	ഹെൽത്ത് സൂപ്പർവൈസർ -	-	1
3.	സ്റ്റാഫ് നഴ്സ്	-	2
4.	ഹോസ്പിറ്റൽ അറ്റന്റർ	-	1

(സി) ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി)&(ഇ) ഇല്ല.

166 (2352) കാസർഗോട് ഗവൺമെന്റ് ആശുപത്രികളിലെ ഫാർമസിസ്റ്റ് തസ്തികകൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഇത് സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(സി) ആശുപത്രികളിൽ കൂടുതൽ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണയിലുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 7 തസ്തികകൾ.

LIBRARY ARCHIVES Kerala Legislative Assembly